# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1762      10/02/2020 -ലെ മറുപടിയ്ക്ക്

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ചുട്ടിപ്പാറയിലുള്ള സ്ഥാപനങ്ങൾ**

ചോദ്യം

ശ്രീമതി വീണാ ജോർജ്ജ്

ഉത്തരം

**ഡോ. കെ.ടി. ജലീൽ**

(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യുടെ അധീനതയിൽ ആറന്മുള നിയോജക മണ്ഡലത്തിലെ പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ പ്പെടുന്ന ചുട്ടിപ്പാറയിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അധീനതയിൽ ഇപ്പോൾ പത്തനംതിട്ട, ചുട്ടിപ്പാറയിൽ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. 2016-17 അദ്ധ്യയന വർഷം വരെ ചുട്ടിപ്പാറയിൽ സർവ്വകലാ- ശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ്, സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആന്റ് സയൻസസ് എന്നീ സ്ഥാപനങ്ങൾ 2017-18 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തോടെ സർക്കാർ രൂപീകൃതമായ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS) എന്ന സൊസൈറ്റിയുടെ അധീനതയിലും നിയന്ത്രണത്തിലും പ്രവർ- ത്തിച്ചു പോരുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്ത് യൂണിവേഴ്സിറ്റി യുടെ അധീനതയിൽ എത്ര വിസ്തീർണ്ണം സ്ഥലം ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | മേൽപറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥലത്തിന്റെ വിസ്തീർണം താഴെ പറയും പ്രകാരമാണ്. |

| ക്രമ നം. | സ്ഥാപനം | സ്ഥലത്തിന്റെ വിസ്തീർണ്ണം ( Asset Register പ്രകാരം) |
|---|---|---|
| 1 | INE | 3 acre |
| 2 | STAS | 81.04 are<br>50.6 are |
| 3 | SALS | 81.04 are<br>50.06 are<br>(Campus shared by STAS) |
| 4 | MGUIAC | Accommodated in the building of SALS |

| | | | |
|---|---|---|---|
| (സി) | ചുട്ടിപ്പാറയിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സ്വീകരിച്ചു വരുന്നതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | സർവകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും അധീനതയിലും നിലവിൽ സ്ഥാപനങ്ങളൊന്നും തന്നെ ചുട്ടിപ്പാറയിൽ പ്രവർത്തിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ